# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

(വെബ് എഡീഷൻ മാത്രം) 2006 സെപ്റ്റംബർ 26


# പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ നിയുക്ത കാതോലിക്കാ സ്ഥാനാർത്ഥിയായി പ. സുന്നഹദോസ് തിരഞ്ഞെടുത്തു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: ഒക്ടോബർ 12-ാം തീയതി നടക്കുന്ന നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സ്ഥാനാർത്ഥിയായി കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസിനെ നിർദ്ദേശിച്ചു. ഇന്ന് രണ്ട് മണി മുതൽ 5.15 വരെ നടന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ യോഗത്തിലാണ് ഈ തീരുമാനം ഉരുത്തിരിഞ്ഞത്. മാർ തേവോദോസ്യോസ്, മാർ മക്കാറിയോസ്, മാർ എപ്പിപ്പാനിയോസ്, മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർക്കു വേണ്ടി നോമിനേഷൻ പേപ്പറുകൾ ഫയൽ ചെയ്യുകയും സുന്നഹദോസ് സെക്രട്ടറി മാർ അത്താനാസ്യോസ്, മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാർക്കു വേണ്ടി നോമിനേഷൻ പേപ്പറുകൾ ഫയൽ ചെയ്യുവാൻ ഒരുക്കങ്ങൾ നടക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് യോജിച്ച തീരുമാനം എടുക്കുവാൻ വിവിധ കേന്ദ്രങ്ങളിൽ നിന്നും സമ്മർദം ഉയർന്നിരുന്നു. ഇന്നലെ നടന്ന വർക്കിംഗ് കമ്മിറ്റിയിൽ സുന്നഹദോസ് യോജിച്ച് ഒരു തീരുമാനമെടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സുന്നഹദോസ് അംഗങ്ങൾ വ്യത്യസ്തമായ നിലപാടുകളിൽ നിൽക്കുകയും വിരുദ്ധ താല്പര്യങ്ങൾ ഉള്ള പല കേന്ദ്രങ്ങളും പലതരം സമ്മർദ്ദങ്ങൾ ഉയർത്തുകയും ചെയ്ത സാഹചര്യത്തിൽ തീരുമാനം ഏതു വിധത്തിൽ വരുമെന്നതിനെ കുറിച്ച് പലവിധ ഭയാശങ്കകൾ നിലനിന്നിരുന്നു.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സമ്മേളിച്ചപ്പോൾ പോലും ചിത്രം വ്യക്തമായിരുന്നില്ല. സമ്മർദ്ദങ്ങളും പ്രതിസമ്മർദ്ദങ്ങളും നിലനിന്നു. ചികിത്സയിൽ കഴിയുന്ന മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ), ജോബ് മാർ പീലക്സീനോസ് സ്ഥലത്തില്ലാതിരുന്ന മാർ ഐറേനിയോസ്, മാർ നിക്കോളവാസ് എന്നിവർ അസാന്നിദ്ധ്യത്താൽ ശ്രദ്ധേയരായി. 14 സുന്നഹദോസ് അംഗങ്ങൾ മാർ മിലിത്തിയോസിനെയും 5 പേർ മാർ തേവോദോസ്യോസിനെയും പിന്തുണച്ചു. മാർ മക്കാറിയോസിനും മാർ എപ്പിപ്പാനിയോസനും ഓരോ വോട്ടു വീതം ലഭിച്ചു. നാളെ നടക്കുന്ന മാനേജിംഗ് കമ്മിറ്റി മാർ മിലിത്തിയോസിനെ ഔദ്യോഗിക സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കും

അൽമായവേദി നടത്തിയ ജനാഭിലാഷ സർവ്വേയിൽ 65 വയസിൽ കൂടുതൽ പ്രായമില്ലാത്ത, 20 വർഷമെങ്കിലും മെത്രാപ്പോലീത്തായായി പ്രവർത്തിച്ചിട്ടുള്ള ഒരു വ്യക്തിയായിരിക്കും സഭയെ നയിക്കുവാൻ അനുയോജ്യനെന്ന് തെളിഞ്ഞിരുന്നു. വടക്കൻപ്രദേശങ്ങളിൽ വേരുകളുള്ള ഒരാളായാൽ കൂടുതൽ അഭികാമ്യം എന്നും ജനങ്ങൾ അഭിപ്രായപ്പെട്ടിരുന്നു. ഈ യോഗ്യതകളെല്ലാം തികഞ്ഞ ഒരു മെത്രാപ്പോലീത്താ ഈ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടത് 'ജനാഭിലാഷം ദൈവാഭിലാഷം' എന്ന തത്വപ്രകാരമെന്ന് നിരീക്ഷകർ വിലയിരുത്തുന്നു. മാർ തേവോദോസ്യോസ്, മാർ എപ്പിപ്പാനിയോസ് എന്നിവർ പിന്മാറുമെന്ന് സുന്നഹദോസിനെ അറിയിച്ചു. മാർ അത്താനാസ്യോസിന്റെ തീരുമാനം അറിവായിട്ടില്ല. മാർ യൗസേബിയോസിന്റെ പേരിൽ നോമിനേഷൻ സമർപ്പിക്കുകയില്ല. എന്നാൽ മാർ മക്കാറിയോസ് പൂർവാധികം ശക്തിയായി തിരഞ്ഞെടുപ്പ് രംഗത്ത് ഉറച്ചുനിൽക്കുന്നതായി അറിയുന്നു.




**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**